# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -143 | 27.02.2017-ൽ മറുപടിക്ക് |
|---|---|

## സജി ബഷീറിന് എതിരെയുള്ള പോലീസ് കേസുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ശ്രീ. പിണറായി വിജയൻ (മുഖ്യ മന്ത്രി) |
| എ) | വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.യായി പദവി ദുരുപയോഗം ചെയ്ത, കെ.എസ്.ഐ.ഡി.സി. എം.ഡി.യായിരിക്കെ അനധികൃത സ്വത്തുക്കൾ ഉണ്ടെന്ന് റെയിഡ് നടത്തി വിജിലൻസ് കണ്ടെത്തിയ സജി ബഷീറിന് എതിരെ എത്ര കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ ; | എ) | ശ്രീ. സജി ബഷീറിന് എതിരെ 5 വിജിലൻസ് കേസുകൾ നിലവിലുണ്ട്. |
| ബി) | ഓരോ കേസുകളുടെയും വിശദാംശങ്ങളും കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും കേസ് നമ്പരുകൾ, കോടതികൾ എന്നിവ ഏതെന്നും വിശദമാക്കുമോ ; | | 1. വി.സി 2/14/എസ്.ഐ.യു- II /സിഡ്കോ- കഴക്കൂട്ടം മേനംകുളം ടെലികോം സിറ്റി പ്രോജക്റ്റിനു വേണ്ടി സിഡ്കോ നടത്തിയ ലാന്റ് ഡവലപ്പ്മെന്റ് വർക്കിലെ അഴിമതി സംബന്ധിച്ച വിജിലൻസ് കേസ്- എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.<br>2. വി.സി 1/15/പി.കെ.ഡി/സിഡ്കോ- പാലക്കാട് ഒലവക്കോട് സിഡ്കോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ ഷെഡുകൾ അനുവദിച്ചതിലെ അഴിമതി - എൻക്വയറി |

| | | | |
|---|---|---|---|
| | | | കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ.<br>3. വി.സി 4/16/എസ്.സി.റ്റി/സിഡ്കോ- ശ്രീ.സജി ബഷീറിനെതിരായ അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച വിജിലൻസ് കേസ്- എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.<br>4. വി.സി 28/16/ടി.എസ്.ആർ /സിഡ്കോ- തൃശ്ശൂർ ഒല്ലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഭൂമി കൈമാറിയതിലെ അഴിമതി സംബന്ധിച്ച വിജിലൻസ് കേസ്- എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ.<br>5. വി.സി 2/17/എസ്.ഐ.യു-1/സിഡ്കോ- ,സിഡ്കോയിലെ നിയമനങ്ങളിലെ അഴിമതി സംബന്ധിച്ച വിജിലൻസ് കേസ്- എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം. ടി കേസ് രജിസ്റ്റർ ചെയ്തത് 16.02.2017 നാണ്. എല്ലാ കേസുകളും അന്വേഷണത്തിലാണ്. |
| സി) | പ്രസ്തുത വ്യക്തിയുടെ പേരൂർക്കട, മണ്ണാംമൂലയിലുള്ള വീട്ടിലും ഓഫീസിലും വിജിലൻസ് നടത്തിയ റെയിഡിൽ എത്ര കോടി രൂപയുടെ അനധികൃത സ്വത്തുക്കൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് | സി) | ശ്രീ.സജി ബഷീറിന്റെ പേരൂർക്കട മണ്ണാമൂലയിലുള്ള വീട്ടിലും തുടർന്ന് 2 ബാങ്ക് ലോക്കറുകളിലും പരിശോധിച്ചതിൽ 4,23,200/- രൂപയുടെ കറൻസി |

| | | | |
|---|---|---|---|
| | വിശദമാക്കുമോ ; | | നോട്ടുകളും 116.47 പവൻ സ്വർണ്ണാഭരണങ്ങളും ടി വ്യക്തിയുടേയും കുടുംബാഗങ്ങളുടെയും പേരിൽ സൂക്ഷിച്ചിട്ടുള്ളതായി കാണപ്പെട്ടു. |
| ഡി) | പ്രസ്തുത വ്യക്തി ഇപ്പോൾ സർവ്വീസിലുണ്ടോ അഥവാ സസ്പെൻഷനിലാണോയെന്നും ആണെങ്കിൽ എന്നു മുതലാണ് സസ്പെൻഷനിലായതെന്നും വിശദമാക്കുമോ ? | ഡി) | പ്രസ്തുത വ്യക്തിയെ സസ്പെൻഡ് ചെയ്തിട്ടില്ല. എന്നാൽ ടിയാൻ കെ.എസ്.ഐ.ഇ. എം ഡി ആയിരിക്കെ 03.06.2016 -ൽ തൽസ്ഥാനത്ത് നിന്നും സർക്കാർ മാറ്റുകയുണ്ടായി. |

സെക്ഷൻ ഓഫീസർ